## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2376

19/07/2016 - ൽ മറുപടിക്ക്.

## കുടുംബശ്രീ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ട് പ്രവർത്തനം ആരംഭിച്ച കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ 5 വർഷവും മന്ദീഭവിക്കപ്പെട്ടിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; | (ബി) നടപ്പിലാക്കുന്നതാണ്. |
| (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതിയുടെ നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തി കുടുംബശ്രീയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) കുടുംബശ്രീ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 2016-17 വർഷത്തെ ബഡ്ജറ്റിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ബാങ്ക് ലിങ്കേജ് മുഖേന വായ്പ എടുത്തവർക്ക് 4% നിരക്കിൽ പലിശ സബ്സിഡി നൽകുന്നതിനായി 50 കോടിയും ആശ്രയ പദ്ധതിക്കായി 50 കോടി രൂപയും പ്രത്യേകം |

വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങളുടെ അഭിരുചിയ്ക്കും കഴിവിനും അനുസൃതമായ തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ വനിതകളെ സംരംഭ മേഖലയിലേയ്ക്ക് കൊണ്ടു വരുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 4% പലിശയ്ക്ക് ബാങ്ക് വായ്പ തരപ്പെടുത്തി നൽകുന്നതാണ്.

കുടുംബശ്രീ പ്രവർത്തന മികവിനായി ഈ സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന ഗുണഭോക്താക്കളെ നേരിൽ കണ്ട് പെൻഷൻ വിതരണരീതി സംബന്ധിച്ച അഭിപ്രായ സർവ്വേ നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാനുള്ള നികുതി പിരിക്കുന്നതിനും കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇനിയും നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് സാദ്ധ്യതകൾ ആരായുന്നതാണ്.

Seenam

സെക്ഷൻ ഓഫീസർ.